

# ത്രിത്വകുടുംബം

ദൈവത്തിന്റെ സൃഷ്ടികളിൽ ഏറ്റവും ഉത്തമവും മനോഹരവുമാണ് മനുഷ്യ ജീവൻ. സംരക്ഷിക്കപ്പെടാനും പരിപോഷിപ്പിക്കപ്പെടാനുമായി സുരക്ഷിതമായ ഒരു അന്തരീക്ഷത്തിൽ മനുഷ്യജീവൻ സ്ഥാപിക്കപ്പെടുക ആവശ്യമാണ് എന്ന് ദൈവം കണ്ടു. അതിന് ദൈവം രൂപപ്പെടുത്തിയ സംവിധാനമാണ് കുടുംബം. മനുഷ്യന് ജന്മം കൊടുക്കുന്നതിനു മുമ്പേതന്നെ ദൈവം കുടുംബമെന്ന ആശയത്തിന് ജന്മം നൽകിയിരുന്നു. ദൈവം കുടുംബത്തിൽ ആയിരിക്കുന്നവനാണ്. ദൈവത്തിന്റെ ഛായയും അതുതന്നെയാണ്.

ക്രൈസ്തവരുടെ ദൈവബോധം ഐക്യത്തിലായിരിക്കുന്ന മൂന്ന് ദൈവികവ്യക്തികളുടെ സമ്മേളനത്തിൽ ഊന്നിയതാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരു കുടുംബമെന്നപോലെ ഒന്നിച്ചു വസിക്കുന്ന ഇടം. സ്വന്തം സ്വത്വം വ്യതിരിക്തതയോടെ മുറുകെപ്പിടിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ഐക്യത്തിലും സ്നേഹത്തിലും അവർ ഒന്നായിരിക്കുകയും ചെയ്യുന്നു. സ്നേഹമെന്ന ചരടിനാൽ അവർ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. പരസ്പരം ആലോചിക്കുകയും പങ്കുവെയ്ക്കുകയും ചെയ്യുക എന്നത് ഈ കുടുംബത്തിന്റെ സഹജസ്വഭാവമാണ് (ഉൽപ. 1:26).

ത്രിത്വത്തിലെ വ്യക്തികളായ പുത്രനും പരിശുദ്ധാത്മാവും സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്തവനായ പിതാവിൽ നിന്ന് പുറപ്പെടുന്നു എന്ന് നാം വിശ്വസിക്കുന്നതുപോലെ കുടുംബങ്ങളിലെ വ്യക്തികളും പരസ്പരം അസ്തിത്വമെടുക്കുന്നവരാണ്. ഹവ്വയെ ദൈവം ആദാമിന്റെ വാരിയെല്ലിൽനിന്നു സൃഷ്ടിച്ചു. അങ്ങനെ പുരുഷനും സ്ത്രീയും ഒരേ അസ്ഥിയും മാംസവും പങ്കുവെച്ച് അസ്തിത്വത്തിലേയ്ക്ക് പ്രവേശിക്കുന്നു.

കൂട്ടായ്മയിലായിരിക്കുക എന്നത് മനുഷ്യജീവന്റെ ഛായയാണ്. അന്തച്ഛിദ്രങ്ങളും അവിശ്വസ്തതയും കുടുംബവ്യവസ്ഥിതിയെ തകർക്കുന്നവയാണ്. പരസ്പരബഹുമാനവും ധാരണയും ഐക്യവും കുടുംബത്തിൽനിന്ന് നഷ്ടമാവുമ്പോൾ അതിന്റെ ലക്ഷ്യംതന്നെ തകർക്കപ്പെടുന്നു. ആധുനികതയുടെ മുഖമുദ്രയായ ഉപഭോഗസംസ്കാരം കുടുംബത്തിന്റെ യഥാർത്ഥസ്വഭാവത്തിന് മങ്ങലേൽപ്പിക്കുന്നു.

ദൈവം മനുഷ്യന്റെ ചരിത്രത്തിൽ ഇടപെട്ടപ്പോൾ തെളിമയാർന്നു നിന്ന ചില കുടുംബങ്ങളെ ബൈബിളിന്റെ ഏടുകളിൽനിന്ന് അടർത്തിയെടുത്ത് ദൃശ്യവത്കരിക്കാനുള്ള എളിയശ്രമമാണ് ഈ ചിത്രസമാഹാരം. ഇത് നമ്മുടെ ധ്യാനമനനങ്ങൾക്ക് വിഷയമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

| | | |
|---|---|---|
| ചിന്തകൾ | : | ഫാ. ഐവാൻ മുത്തനാട്ട് എം എസ് ടി |
| | | ഫാ. ഔസേപ്പച്ചൻ വള്ളികാട്ട് എം എസ് ടി |
| വര | : | വി.പി. ജയകുമാർ |
| പ്രസാധനം | : | സാന്തോം |
| | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാസ്റ്ററൽ മിഷനറി കമ്മ്യൂണിക്കേഷൻ |